**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2188** **12-02-2024 - ൽ മറുപടിയ്ക്ക്**

**എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എഫ്.ഐ.ആർ.നമ്പർ 1176 കാസർഗോട് പോലീസ് ഏത് തീയതിയിലാണ് രജിസ്റ്റർ ചെയ്യതതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത എഫ്.ഐ.ആർ-ന് ആസ്പദമായ സംഭവം നടന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; സംഭവത്തെക്കുറിച്ചുള്ള വിശദാംശം നൽകാമോ; | (എ) | 24.12.2023 ന് പുത്തൂർ ഗ്രാമത്തിൽ കല്ലംകൈ എന്ന സ്ഥലത്ത് ബൈക്കിൽ സഞ്ചരിക്കുന്നയാളെ തടഞ്ഞുനിർത്തി ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം. 1176/2023 U/s 341, 324 308 r/w 34 IPC പ്രകാരം സംഭവ ദിവസം തന്നെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>അബ്ദുള്ള, ഷെരീഫ് എന്നിവരാണ് പ്രതിപ്പട്ടികയിലുള്ളത്. |
| (ബി) | സംഭവം നടന്ന് എത്ര ദിവസം കഴിഞ്ഞതിന് ശേഷമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | കേസിൽ എത്ര പ്രതികളാണുള്ളതെന്നും ചുമത്തിയ വകുപ്പുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (സി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഒന്നാം പ്രതിയെ 25.12.2023 ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒളിവിലായ രണ്ടാം പ്രതിയെ കണ്ടെത്തുന്നതിനായി പോലീസ് അന്വേഷണം നടന്നുവരുന്നു |
| (ഇ) | എഫ്.ഐ.ആർ. നമ്പർ 1176-ൽ പറഞ്ഞ കുറ്റകൃത്യം ചെയ്യാനുണ്ടായ കാരണവും സാഹചര്യവും എന്താണെന്ന വിവരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | പരാതിക്കാരനോട് പ്രതികൾക്കുള്ള രാഷ്ട്രീയ വിരോധമാണ് സംഭവത്തിന് കാരണം എന്നാണ് അന്വേഷണത്തിൽ വെളിവാകുന്നത്. |
| (എഫ്) | പ്രതികൾ മുൻപ് ഏതെങ്കിലും കേസ്സിൽ ഉൾപ്പെട്ടിരുന്നുവോ; എങ്കിൽ വിശദാംശം നൽകാമോ; പോലീസല്ലാതെ മറ്റേതെങ്കിലും ഏജൻസി ഈ കേസ് അന്വേഷിക്കുന്നുണ്ടോ; | (എഫ്) | ടി കേസിലെ ഒന്നാം പ്രതി കാസർഗോഡ് പോലീസ് സ്റ്റേഷനിലെ ക്രൈം നം. 764/22, 75/13 എന്നീ രണ്ട് കേസുകളിൽ കൂടി ഉൾപ്പെട്ടിട്ടുണ്ട്. അന്വേഷണം മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല |

| | | | |
|---|---|---|---|
| | ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അതിന് സാധ്യത ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ